3. ഏലത്തോട്ടങ്ങളിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവയുൾപ്പെടെ ദിവസ പ്രതിദിനം 330 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതാണ്.

4. റബ്ബർ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവയുൾപ്പെടെ ദിവസ പ്രതിദിനം 381 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതാണ്.

5. മേൽ നിർമാണങ്ങളുടെ അടിസ്ഥാനത്തിൽ പണിമുടക്ക് സമരം പിൻവലിക്കുന്നതാണ്. മറ്റ് വിഷയങ്ങൾ പിന്നീട് പഞ്ചായത്ത് തെരഞ്ഞെടുപ്പിനുശേഷം ചർച്ച ചെയ്യുന്നതാണ്. 6-11-2015-ൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ 2015 നവംബർ 1-ാം തീയതി മുതൽ മേൽ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനം അനുസരിച്ചുള്ള ദിവസ പ്ലാന്റേഷൻ മേഖലയിൽ പൂർണ്ണമായും നടപ്പിലായിട്ടുണ്ട്.

(സി) പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്തും വിവിധ മേഖലകളിൽ യന്ത്രവൽക്കരണമുണ്ടായിട്ടുള്ള സാഹചര്യത്തിലും ഉല്പാദനക്ഷമത വർദ്ധനവ് വരുത്തണമെന്ന് വിവിധ തൊഴിലുടമ സംഘടനകൾ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയത്തിൽ തൊഴിലാളി സംഘടനകളുടെ അഭിപ്രായമാരായുകയും ഉഭയകക്ഷി ധാരണയുടെ അടിസ്ഥാനത്തിൽ തേയിലയിൽ ഷിയർ ഉപയോഗിച്ചുള്ള പ്ലക്കിംഗിനും കാപ്പിയിൽ സ്റ്റാൻഡേർഡ് ഔട്ട്പുട്ട് വർദ്ധനയും വരുത്തിയിട്ടുണ്ട്.

പ്ലാന്റേഷൻ ലേബർ കമ്മിറ്റി കരാർ

26(*86) ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. കോറിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ ലേബർ കമ്മിറ്റി കരാർ ഒപ്പുവെയ്ക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദീകരിക്കുമോ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ; വേതനം പുതുക്കുന്നതായി എന്ന് മുതൽ നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

GPM. 2/238/2020-9

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലെ ലേബർ കേന്ദ്രങ്ങളെ ഒഴിവാക്കി കമ്മ്യൂണിറ്റി ട്രേഡിംഗ് സമ്പ്രദായം നടപ്പാക്കണമെന്ന ആവശ്യം നടപ്പിലാക്കുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മാനേജ്മെന്റുകളിൽനിന്ന് തോട്ടം ഏറ്റെടുത്ത് പ്ലാന്റേഷൻ കോർപ്പറേഷൻ വഴിയോ ദിനേശ് മാതൃകയിൽ സഹകരണ സംഘങ്ങൾ വഴിയോ നടത്താൻ ആവശ്യമായ നിയമനിർമ്മാണത്തിനും, മറ്റു നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ;

(ഡി) നിയമലംഘകരായ മാനേജ്മെന്റുകൾക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിലുണ്ടായ തകർച്ച കാരണം പ്ലാന്റേഷൻ മേഖലയിൽ ഉടലെടുത്ത പ്രതിസന്ധിമൂലം പ്ലാന്റേഷൻ ലേബർ കമ്മിറ്റി നടത്തിയ വേതന ചർച്ചകളിൽ റബ്ബർ പ്ലാന്റേഷനുകളിലെ സ്റ്റാൻഡേർഡ് ഔട്ട്പുട്ട്, പ്രൊഡക്ടിവിറ്റി എന്നിവ സംബന്ധിച്ചും കരാറിന്റെ മൂൻകാല പ്രാബല്യം, കരാർ കാലാവധി എന്നിവ സംബന്ധിച്ചും തീരുമാനമെടുക്കാനായില്ല. ഇതാണ് പ്ലാന്റേഷൻ മേഖലയിൽ കൂലി വർദ്ധന സംബന്ധിച്ച കരാർ ഒപ്പിടാൻ കഴിയാതെ പോയതിന്റെ കാരണം. അടിയന്തരമായി പ്ലാന്റേഷൻ മേഖലയിൽ വേതന വർദ്ധന പ്രാബല്യത്തിൽ കൊണ്ടുവരണമെന്ന് സർക്കാർ നിലപാട് സ്വീകരിക്കുകയും 28-1-2016-ലെ 428/ഇ1/16/തൊഴിൽ നമ്പരായി തോട്ടം തൊഴിലാളികൾക്കായി കുറഞ്ഞ വേതനം നിശ്ചയിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സംസ്ഥാനത്തെ പ്ലാന്റേഷനുകളിൽ പ്ലാന്റേഷൻ ലേബർ നിയമത്തിന്റെയും മറ്റ് തൊഴിൽ നിയമങ്ങളുടെയും ലംഘനങ്ങൾ നടക്കുന്നുണ്ടോയെന്ന് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് മുഖേന പരിശോധന നടത്തുകയും നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ അവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. അവ പരിഹരിക്കാത്തപക്ഷം പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly